REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-10-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഗ്രാമസഭകളെയും സമൂഹം നയിക്കുന്ന സ്ഥാപനങ്ങളെയും ശാക്തീകരിക്കുന്നതിലൂടെ ആദി കർമ്മയോഗി അഭിയാൻ പൊതുജന പങ്കാളിത്തം ശക്തിപ്പെടുത്തുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **'വിഷൻ 2031' ന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ സെമിനാർ രാവിലെ കോഴിക്കോട്ട് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.**
- **മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 137.45 അടിയിൽ എത്തി. സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്ന നറുക്കെടുപ്പ് രാവിലെ സന്നിധാനത്ത് നടത്തും.**
- **ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക, ശ്രീലങ്കയെ പത്തുവിക്കറ്റിന് തകർത്തു.**

## വാർത്തകൾ വിശദമായി

ഗ്രാമസഭകളെയും സമൂഹം നയിക്കുന്ന സ്ഥാപനങ്ങളെയും ശാക്തീകരിക്കുന്നതിലൂടെ ആദി കർമ്മയോഗി അഭിയാൻ പൊതുജന പങ്കാളിത്തം ശക്തിപ്പെടുത്തുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. വികസനം പ്രകൃതി സൗഹൃദപരമായിരിക്കണമെന്ന് ഗോത്ര പാരമ്പര്യം ഓർമ്മിപ്പിക്കുന്നതായി അവർ ന്യൂഡൽഹിയിൽ പറഞ്ഞു.

ഗോത്ര സമൂഹത്തിന്റെ അർത്ഥവത്തായ പങ്കാളിത്തത്തിലൂടെ ദേശീയ നയത്തെ സ്വാധീനിക്കാനും പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കാനും കഴിയുമെന്ന് അവർ പറഞ്ഞു. 'ആദി കർമ്മയോഗി അഭിയാൻ' ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഓരോ ഗോത്ര ഗ്രാമത്തെയും സ്വയംപര്യാപ്തവും അഭിമാന കരവുമായ ഗ്രാമമാക്കുക എന്ന പരിവർത്തന കാഴ്ച്ചപ്പാടോടെയാണ് ആദി കർമ്മയോഗി അഭിയാൻ ആരംഭിച്ചതെന്ന് രാഷ്ട്രപതി പറഞ്ഞു.

മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനങ്ങൾ, ജില്ലകൾ, ബ്ലോക്കുകൾ, സംയോജിത ഗോത്ര വികസന ഏജൻസികൾ എന്നിവയ്ക്ക് അവാർഡുകളുംരാഷ്ട്രപതി സമ്മാനിച്ചു.

✪✪✪

കഴിഞ്ഞ മാസം 22ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച വരുംതലമുറ GST പരിഷ്കരണം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഗണ്യമായ ആശ്വാസം നൽകുന്നു. അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്ന GST പരിഷ്കാരങ്ങളെക്കുറിച്ച് ....

തമിഴ്നാട്ടിലെ കർഷകർ, കരകൗശല വിദഗ്ധർ, വ്യവസായികൾ കയറ്റുമതിക്കാർ എന്നിവർക്ക് GST പരിഷ്കരണം വലിയ ഉണർവായി മാറി. തമിഴ്നാട്ടിലെ തുണിത്തരങ്ങളും, കൈത്തറി മേഖലയും നേട്ടങ്ങൾ കൈവരിച്ചു. സാരിയുടെ GST 12 ൽ നിന്ന് 5 ശതമാനമായി കുറച്ചത് ജനപ്രിയ കാഞ്ചീപുരം സാരികൾ സാധാരണ ക്കാർക്ക് താങ്ങാനാവുന്നതാക്കി മാറ്റി.

കയർ വ്യവസായ യൂണിറ്റുകൾ, കയർ മാറ്റുകൾ, കയറുകൾ, ജിയോ-ടെക്സ്റ്റൈലുകൾ എന്നിവയും GST പരിഷ്കരണത്തിന്റെ പ്രയോജനം നേടി. സംസ്കരിച്ച മത്സ്യത്തിന്റെയും സമുദ്രവിഭവങ്ങളുടെയും GST കുറച്ചത് ചെറുകിട സംസ്കരണക്കാരെയും മത്സ്യത്തൊഴിലാളികളെയും പിന്തുണച്ചു. ഗ്രാമീണ ഉപജീവനമാർഗം ശക്തിപ്പെടുത്തുകയും വ്യാവസായിക കേന്ദ്രമെന്ന നിലയിൽ തമിഴ്നാടിന്റെ സ്ഥാനം ഉയർത്തുകയും ചെയ്യാൻ പരിഷ്കരണം വഴിയൊരുക്കി കഴിഞ്ഞു.

✪✪✪

മലയാളത്തെയും കേരളീയ സംസ്ക്കാരത്തെയും നെഞ്ചേറ്റു ന്നവരാണ് പ്രവാസികളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ബഹറൈനിൽ പ്രവാസി മലയാളി സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ഇന്നലെ ബഹറൈൻ ഉപപ്രധാനമന്ത്രി ശൈഖ് ഖാലിദ് ബിൻ അബ്ദുള്ള അൽഖലീഫ മനാമയുമായി അദ്ദേഹം കൂടിക്കാഴ്ച്ച നടത്തി.

✪✪✪

'വിഷൻ 2031' ന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിന്റെ സെമിനാർ കോഴിക്കോട് ബീച്ചിലെ ആസ്പിൻ കോർട്ട് യാർഡിൽ രാവിലെ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. അദ്ദേഹം നയരേഖയും ചടങ്ങിൽ അവതരിപ്പിക്കും. ആറു വിഷയങ്ങളെ അധികരിച്ചാണ് ചർച്ച. തുടർന്നായിരിക്കും കരട് നയരേഖ അവതരണം.

✪✪✪

കൊച്ചി ഇൻഫോ പാർക്കിന്റെ നാലാംഘട്ട വികസനത്തിന് ട്രാക്കോ കേബിൾ കമ്പനിയുടെ ഇരുമ്പനത്തെ 33.5 ഏക്കർ ഭൂമി കൈമാറുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. 200 കോടി രൂപയ്ക്കാണ് ഇൻഫോ പാർക്കിന് ഭൂമി കൈമാറുന്നത്. ഈ തുക ട്രാക്കോ കേബിളിന്റെ ഭാവി വികസനത്തിന് ഉപയോഗിക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

പാലക്കാട് നെന്മാറ സജിത വധക്കേസിലെ ശിക്ഷാ വിധി ഇന്നുണ്ടാകും. കേസിലെ പ്രതി ചെന്താമര കുറ്റക്കാരനെന്ന് പാലക്കാട് അഡിഷണൽ ജില്ലാ കോടതി കണ്ടെത്തിയിരുന്നു. ശിക്ഷാ വിധി സംബന്ധിച്ച വാദം വ്യാഴാഴ്ച പൂർത്തിയായി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി മൻ കി ബാത്ത് ഈ മാസം 26 ന് രാവിലെ 11ന് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിന്റെ 127-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

✪✪✪

കനത്ത മഴയെ തുടർന്ന് മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 137.45 അടിയിൽ എത്തി. ഡാമിന്റെ ഷട്ടറുകൾ രാവിലെ 8 മുതൽ ഘട്ടങ്ങളായി തുറക്കുമെന്ന് തമിഴ്നാട് അറിയിച്ചു. 5000 ക്യുസെക്സ് വരെ വെള്ളം പുറത്തേക്ക് ഒഴുക്കാനാണ് തീരുമാനം. പെരിയാർ തീരവാസികൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

കല്ലാർ ഡാമിന്റെ നാല് ഷട്ടറുകൾ 60 സെന്റീ മീറ്റർ വീതം ഉയർത്തി വെള്ളം ഒഴുക്കുന്നുണ്ട്. ചിന്നാർ, കല്ലാർ പുഴകളുടെ തീരവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

ഇടുക്കി ജില്ലയിൽ അതിശക്തമായ മഴ തുടരുന്നു. ഇന്നലെ വൈകിട്ട് മുതൽ തുടങ്ങിയ മഴയിൽ  നെടുങ്കണ്ടത്ത് പ്രളയ സമാന സാഹചര്യം. നിരവധി വീടുകളിൽ വെള്ളം കയറി. കൂട്ടാർ, തേർഡ്ക്യാമ്പ്, സന്യാസിയോട, മുണ്ടിയെരുമ, തൂക്കുപാലം, താന്നിമൂട്,കല്ലാർ തുടങ്ങിയ ടൗണുകളിൽ വെള്ളം കയറി.

✪✪✪

നീരൊഴുക്ക്  വർദ്ധിച്ചാൽ ഇന്ന് മലമ്പുഴ ഡാമിന്റെ സ്പിൽവേ ഷട്ടറുകൾ തുറക്കാൻ സാധ്യതയുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. കൽപ്പാത്തി, ഭാരത പുഴ തീരവാസികൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

✪✪✪

സംസ്ഥാനത്ത് ചൊവ്വാഴ്ച  വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത മുൻനിർത്തി ഇന്ന് ഒമ്പത്  ജില്ലകളിലും ലക്ഷദ്വീപിലും  മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. വയനാട്,  കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം, കോട്ടയം, പത്തനംതിട്ട, ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ കാറ്റിന് സാധ്യതയുണ്ട്. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

ശബരിമലയിൽ തുലാമാസ പൂജകൾ പുലർച്ചെ ആരംഭിച്ചു. അറ്റകുറ്റപ്പണികൾക്ക് ശേഷം തിരികെ എത്തിച്ച  സ്വർണപാളികൾ ദ്വാരപാലക ശിൽപങ്ങളിൽ ഇന്നലെ പുനസ്ഥാപിച്ചു.  ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്ന നറുക്കെടുപ്പ് രാവിലെ  സന്നിധാനത്ത് നടത്തും. രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ബുധനാഴ്ച തീർത്ഥാടകർക്ക് ദർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക, ശ്രീലങ്കയെ പത്തുവിക്കറ്റിന് തകർത്തു.

ഇന്ന് ന്യൂസിലാന്റ്, പാകിസ്ഥാനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിന് കൊളംബോയിലാണ് മത്സരം.

✪✪✪

പട്ടികവർഗ വികസനവകുപ്പിന് കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും, പ്രീമെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെയും കായികമേള 'കളിക്കള'ത്തിന് ഇന്ന് കൊടിയേറും.

തിരുവനന്തപുരം കാര്യവട്ടം LNCP സ്റ്റേഡിയത്തിൽ രാവിലെ മന്ത്രി V ശിവൻകുട്ടി പതാക ഉയർത്തി കായികമേള ഉദ്ഘാടനം ചെയ്യും.

✪✪✪

തിരുവനന്തപുരത്ത് രഞ്ജിട്രോഫി ക്രിക്കറ്റിൽ മൂന്നാം ദിവസം കളി നിർത്തുമ്പോൾ കേരളത്തിനെതിരെ മഹാരാഷ്ട്ര 20 റൺസ് ഒന്നാം ഇന്നിംഗ്സ് ലീഡ് നേടി.കേരളത്തിന്റെ ആദ്യ ഇന്നിംഗ്സ് 219ന് അവസാനിച്ചു. രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് തുടങ്ങിയ മഹാരാഷ്ട്ര വിക്കറ്റൊന്നും പോവാതെ 51 റൺസ് എടുത്തിട്ടുണ്ട്. വെളിച്ചക്കുറവിനെ തുടർന്ന് ഇന്നലെ കളി നേരത്തെ അവസാനിപ്പിച്ചു.

✪✪✪

ദേശീയ സീനിയർ വനിതാ ട്വന്റി 20 ടൂർണ്ണമെന്റിൽ കേരളം ഗുജറാത്തിനെ നാല് വിക്കറ്റിന് തോല്പിച്ചു. ഗുജറാത്തിന്റെ 100 റൺസിനെതിരെ മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളം 16.4 ഓവറിൽ ആറ് വിക്കറ്റിന് ലക്ഷ്യം മറികടന്നു.

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കായികമേളയിൽ മുക്കം സബ്ജില്ലാ ഓവറോൾ ചാമ്പ്യൻമാരായി. പേരാമ്പ്രയാണ് രണ്ടാം സ്ഥാനത്ത്. സ്കൂൾ വിഭാഗത്തിൽ സെന്റ് ജോസഫ്സ് പുല്ലൂരാംപാറ ഒന്നാം സ്ഥാനവും, സെന്റ് ജോർജ് കുളത്തു വയൽ രണ്ടാം സ്ഥാനവും നേടി.

✪✪✪

കണ്ണൂർ ജില്ലാ സ്കൂൾ കായികമേള തലശ്ശേരിയിൽ ഇന്ന് സമാപിക്കും. 152 പോയിന്റുമായി പയ്യന്നൂർ ഉപജില്ല മുന്നേറ്റം തുടരുകയാണ്. മട്ടന്നൂർ ഉപജില്ല രണ്ടാം സ്ഥാനത്തും, ഇരിക്കൂർ മൂന്നാം സ്ഥാനത്തുമാണ്.

പാലക്കാട് ചാത്തന്നൂർ ഗവ. ഹയർസെക്കൻഡറിയിൽ ആരംഭിച്ച മലപ്പുറം റവന്യൂ ജില്ല സ്കൂൾ കായിക മേളയിൽ ആദ്യദിവസം എടപ്പാൾ ഉപജില്ല മുന്നിലെത്തി. തിരൂരാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

ഇടുക്കി കുടുംബശ്രീ ജില്ലാ മിഷൻ സംഘടിപ്പിക്കുന്ന ട്രൈബൽ പ്രീമിയർ ലീഗ് ക്രിക്കറ്റ് ടൂർണമെന്റിന് ഇന്ന് മൂന്നാറിൽ തുടക്കമാകും. ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിങ് സെന്റർ ഗ്രൗണ്ടിലാണ് രണ്ട് ദിവസത്തെ മത്സരങ്ങൾ.

✪✪✪

1972 ൽ നടപ്പിലാക്കിയ വനം - വന്യജീവി നിയമത്തിൽ കാലോചിത മാറ്റങ്ങൾ ഉണ്ടാവണമെന്ന് മന്ത്രി AK ശശീന്ദ്രൻ അഭിപ്രായപ്പെട്ടു. കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നതടക്കം ആവശ്യങ്ങൾ ഉൾകൊള്ളുന്ന പുതിയ ഭേദഗതി സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ചു കഴിഞ്ഞു. മനുഷ്യ - വന്യജീവി സംഘർഷം ഒഴിവാക്കി ജീവിക്കുന്ന അന്തരീക്ഷത്തിലേക്ക് കേരളം എത്തണമെന്നും മന്ത്രി പറഞ്ഞു.

കോഴിക്കോട് കക്കയം ഫോറസ്റ്റ് സ്റ്റേഷനിൽ നിർമ്മിച്ച വനിതാ ബാരക്ക് കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഇല്ലാതെയാക്കാൻ ഒരു സ്കൂളിനെയും അനുവദിക്കില്ലെന്ന് മന്ത്രി V ശിവൻകുട്ടി തിരുവനന്തപുരത്ത് പറഞ്ഞു.

എല്ലാവരെയും ഉൾക്കൊള്ളുന്നതും മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതുമായ വിദ്യാഭ്യാസ അന്തരീക്ഷമാണ് കേരളത്തിലേതെന്നും, അതിന് തടസ്സമാകുന്ന ഒന്നും ഗവൺമെന്റ് അനുവദിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

വിദ്യാഭ്യാസ മന്ത്രിയുടെ പ്രസ്താവന ശബരിമല വിഷയത്തിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ മാറ്റാനാണെന്ന് BJP സംസ്ഥാന വൈസ് പ്രസിഡന്റ് ഷോൺ ജോർജ് പ്രതികരിച്ചു. 2019 മുതൽ ശബരിമലയുമായി ബന്ധപ്പെട്ട് വലിയ അഴിമതികളാണ് നടക്കുന്നതെന്നും, പോറ്റിയുടെ അറസ്റ്റ് ജനങ്ങളെ വഞ്ചിക്കുന്ന രാഷ്ട്രീയ നാടകമാണെന്നും, ഷോൺ ജോർജ് പറഞ്ഞു.

✪✪✪

കോഴിക്കോട് കോർപ്പറേഷനിൽ അഴിമതിയും, ദുർഭരണവും, സ്വജനപക്ഷപാതവും ആരോപിച്ച് BJP സംഘടിപ്പിക്കുന്ന പഞ്ച ദിന പ്രതിഷേധ മാർച്ച്, രണ്ടാം ദിവസമായ ഇന്ന് മുൻ കേന്ദ്ര സഹമന്ത്രി V മുരളീധരൻ ഉദ്ഘാടനം ചെയ്യും. കല്ലായ്റോഡിൽ നിന്നാണ് മാർച്ച് ആരംഭിക്കുന്നത്.

✪✪✪

പ്രവാസി കേരളീയർക്ക് ഏർപ്പെടുത്തിയ നോർക്ക കെയർ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് നോർക്ക ആസ്ഥാനത്തു സഹായ കേന്ദ്രം ആരംഭിച്ചു. ഓൺലൈൻ വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെയാണ് സഹായം നൽകുന്നത്. നോർക്ക കെയർ സ്നേഹസ്പർശം മീറ്റ് വൈകിട്ട് ചെന്നൈയിൽ റസിഡന്റ് വൈസ് ചെയർമാൻ P ശ്രീരാമ കൃഷ്ണൻ ഉദ്ഘാടനം ചെയ്യും. എഗ് മോറിലാണ് പരിപാടി.

✪✪✪

തിരുവനന്തപുരം വലിയതുറ കടൽപ്പാലവും തുറമുഖ ഭൂമിയും സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാൻ കേരളാ മാരിടൈം ബോർഡ് പദ്ധതി നിർദേശം ക്ഷണിച്ചു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader :അനിൽ ചന്ദ്രൻ*
*NRTs : സബിത കെ*
*DEO : സി കെ സുബോധ്*